# പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 699** — **20/03/2013 ൽ മറുപടിക്ക്**

**സൗജന്യ ജനറിക് മരുന്ന് വിതരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. റ്റി. വി. രാജേഷ്** | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |

---

| | | | |
|---|---|---|---|
| (എ) | സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; പല ആശുപത്രികളിലും ആവശ്യത്തിന് മരുന്ന് ലഭ്യമല്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. പദ്ധതിയിലെ പോരായ്മകൾ പരിഹരിച്ച് പരാതിക്കിട നൽകാതെ കാര്യക്ഷമമമായി മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എത്ര വിധത്തിലുള്ള ജനറിക് മരുന്നുകളാണ് സൗജന്യമായി വിതരണം ചെയ്യുന്നത്; | (ബി) | 2012-13 സാമ്പത്തിക വർഷത്തിൽ 518 അവശ്യ മരുന്നുകളിൽ 450 ഇനം മരുന്നുകളും സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും വിതരണം ചെയ്തു വരുന്നു. ഇതു കൂടാതെ ആന്റി ക്യാൻസർ ഡ്രഗ് ലിസ്റ്റിൽപ്പെട്ട 107 മരുന്നുകളിൽ 70 ഇനം മരുന്നുകൾ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും നൽകി വരുന്നു. ജനറിക് മരുന്നു വിതരണത്തിന്റെ ഭാഗമായി ആർ.ഡി.എൽ. ൽപ്പെട്ട 314 മരുന്നുകളിൽ 287 ഇനം മരുന്നുകൾ 5 |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജുകളിലും 3 ജനറൽ ആശുപത്രികളിലും വിതരണം ചെയ്യുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് എത്ര ആശുപത്രികളിലാണ് സൗജന്യ മരുന്ന് വിതരണം നടത്തുന്നത്; ഇതിൽ കണ്ണൂർ ജില്ലയിലെ ആശുപത്രികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | കണ്ണൂർ ജില്ല ഉൾപ്പടെയുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾ മുഖേനയും അവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾ കോർപ്പറേഷൻ മുഖേന ആവശ്യാനുസരണം സംഭരിച്ച് വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ